"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ- സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് ഇൻ ടെക്സ്റ്റയിൽസ് (CARDT) എന്ന സ്ഥാപനം കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിൽ പ്രവർത്തന സജ്ജമാക്കുന്ന ലാബിലേയ്ക്ക് സ്ഥാപനത്തിലെ ജീവനക്കാരെ ഉൾപ്പെടെ മാറ്റുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.214/2024/ID തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. സെന്റർ ഫോർ അപ്ലൈഡ് റിസേർച്ച് & ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽസ്(CARDT) ലെ ജീവനക്കാർ സംയുക്തമായി സി.എം.ഓ പോർട്ടൽ വഴി സമർപ്പിച്ച 13.06.2023 ലെയും 26.06.2023 ലെയും അപേക്ഷകൾ.
2. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മനേജിംഗ് ഡയറക്ടറുടെ 04.08.2023 ലെ പി/267/01/544 , 27.10.2023 ലെ പി/267/01/842 , 28.02.2024 ലെ പി/267/011320 നമ്പർ റിപ്പോർട്ടുകൾ.

**ഉത്തരവ്**

കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിച്ച വരുന്ന ടെക്സ്റ്റൈൽ ടെസ്റ്റിംഗ് ലാബ് ആയ സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് & ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽ സ് (CARDT) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്തുനിന്നും ആലപ്പുഴ ജില്ലയിലെ കോമളപുരത്തുള്ള കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിലേയ്ക്ക് മാറ്റുന്നതിന്, കോർപ്പറേഷന്റെ 279- ാമത് ഡയറക്ടർ ബോർഡ് യോഗത്തിൽ ഇതിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുയും ഗവൺമെന്റിന്റെ അംഗീകാരം വാങ്ങുന്നതുൾപ്പെടെ മേൽ നടപടികൾക്കായി മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ സെന്റർ ഫോർ അപ്ലൈഡ് റിസേർച്ച് & ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽസ് (CARDT) എന്ന സ്ഥാപനത്തിലെ ജീവനക്കാർ പരാമർശം 1 പ്രകാരം സംയുക്തമായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ സംബന്ധിച്ച് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മനേജിംഗ് ഡയറക്ടറിൽ നിന്നും സർക്കാർ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. താഴെപ്പറയുന്ന കാര്യങ്ങളാണ് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ മനേജിംഗ് ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുള്ളത്.

ട്രിവാൻഡ്രം സ്പിന്നിംഗ് മില്ലിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ സ്ക്വയർ ഫീറ്റിനു ഒരു രൂപ നിരക്കിൽ പ്രതിമാസം 3500/- രൂപ വാടക നൽകിയാണ് CARDT പ്രവർത്തിക്കുന്നത്. എന്നാൽ, ഇപ്പോൾ ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് വാടക വർദ്ധനവ് ആവശ്യപ്പെട്ടിരിക്കുകയാണ്. അതുപ്രകാരം സ്ക്വയർ ഫീറ്റിനു 15 രൂപ നിരക്കിൽ ഏകദേശം 52,500 രൂപ വാടകയിനത്തിൽ

പ്രതിമാസം നൽകേണ്ടി വരും. ലാബിന്റെ ശരാശരി പ്രതിമാസ വരുമാനം 1. 6 ലക്ഷം രൂപ മാത്രമാണ്. എന്നാൽ, വേതനയിനത്തിൽ മാത്രം ലാബിന് പ്രതിമാസം ശരാശരി 1.8 ലക്ഷം രൂപ ആവശ്യമുണ്ട്. വരുമാനമായി ലഭിക്കുന്ന തുക കൊണ്ട് ശമ്പളം നൽകാൻ പോലും കഴിയാത്ത സാഹചര്യത്തിൽ ഇത്രയും ഭീമമായ തുക വാടകയിനത്തിൽ നൽകിക്കൊണ്ട് പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുവാൻ സാധിക്കുകയില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് വാടകയിനത്തിലെ അധിക ചെലവ് ഒഴിവാക്കുന്നതിനും CARDT - ന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമായി പ്രസ്തുത സ്ഥാപനത്തെ ബാലരാമപുരത്തു നിന്നും കോർപ്പറേഷന്റെ തന്നെ യൂണിറ്റായ കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിന്റെ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനെ കുറിച്ച് ചിന്തിക്കാൻ മാനേജ്മെന്റ് നിർബന്ധിതമായത്. അതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ 279- ാമത് ഡയറക്ടർ ബോർഡ് യോഗത്തിൽ പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുയും ഗവൺമെന്റിന്റെ അംഗീകാരം വാങ്ങുന്നതുൾപ്പടെ മേൽ നടപടികൾക്കായി മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. CARDT മാറ്റി സ്ഥാപിക്കുന്നതിന് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ശിപാർശ ചെയ്യാനുണ്ടായ മറ്റു കാരണങ്ങൾ താഴെ പറയുന്നവയാണ്.

I ) മുൻ കാലഘട്ടങ്ങളിൽ ലാബിൽ നിന്നും വാഹനമാർഗ്ഗം കേരളത്തിലെ എല്ലാ മില്ലുകളിൽ നിന്നും സാമ്പിളുകൾ നേരിട്ട് ശേഖരിച്ച് കാലതാമസം വിനാ പരിശോധിച്ച് വന്നിരുന്നു. എന്നാൽ സാമ്പത്തിക പ്രതിസന്ധിമൂലം നിലവിൽ ഈ മാർഗ്ഗം സ്വീകരിക്കുവാൻ കഴിയുന്നില്ല. ആയതിനാൽ തന്നെ മില്ലുകളുടെ അസംസ്കൃത വസ്തുക്കളും ഉൽപ്പന്നങ്ങളും സമയബന്ധിതമായി പരിശോധിക്കുവാൻ കഴിയുന്നില്ല. വടക്കൻ കേരളത്തിലാണ് കൂടുതൽ സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിക്കുന്നത്. അസംസ്കൃത വസ്തു കേരളത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ലാബിൽ അയച്ച് പരിശോധിക്കുവാൻ എടുക്കുന്ന സമയനഷ്ടം മൂലം മില്ലുകളുടെ പ്രവർത്തനം പലപ്പോഴും ബാധിക്കപ്പെടുന്നുണ്ട്. ആലപ്പുഴയിലെ കോമളപുരത്തേക്ക് ലാബ് മാറ്റുക വഴി മില്ലുകളും ലാബും തമ്മിലുള്ള ദൂരം കുറയ്ക്കുവാൻ കഴിയുന്നതും തദ്വാര പരി ശോധന നടത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നതുമാണ്.

II ) നിലവിൽ CARDT ന് സ്വന്തമായി സ്ഥിരം ജീവനക്കാർ ആരും തന്നെയില്ല. മറ്റു മില്ലുകളിൽ നിന്നും വർക്ക് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കോഴിക്കോട്, ആലപ്പുഴ ജില്ലക്കാരായ രണ്ടു സ്ഥിരം ജീവനക്കാരെ കാർഡിറ്റിൽ താൽക്കാലികമായി വിന്യസിച്ചിരിക്കുകയാണ്. ബാക്കിയുള്ളവർ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. കോർപ്പറേഷനിൽ സ്പെഷ്യൽ റൂൾസ് അന്തിമമാകാത്തതിനാൽ പിഎസ്സി മുഖേനെ നിയമനം സാധ്യമായിരുന്നില്ല. ആയതിനാൽ ജോലികൾ നിർവ്വഹിച്ചിരുന്നത് താത്കാലിക അടിസ്ഥാനത്തിൽ ദിവസ വേതനക്കാരായ ജീവനക്കാരെ നിയമിച്ചാണ്. കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിന്റെ ഭാഗമാക്കുന്നതോടു കൂടി മില്ലിൽ നിലവിലുള്ള ടെക്നിക്കൽ സ്റ്റാഫിനെ തന്നെ ടെസ്റ്റിംഗ് ജോലികൾക്ക് വിനിയോഗിക്കാൻ സാധിക്കും. അതിലൂടെ ശമ്പളയിനത്തിൽ ചെലവ് ഗണ്യമായി കുറയ്ക്കുവാനും CARDT ന്റെ വാടക ഒഴിവാക്കാനും സാധിക്കും.

III ) കോർപ്പറേഷന്റെ മറ്റു യൂണിറ്റുകളിൽ നിന്നും ഒറ്റപ്പെട്ടു സ്ഥിതിചെയ്യുന്നതിനേക്കാൾ, ഒരു

കോമ്പോസിറ്റ് മില്ലായ്യ കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസുമായി ചേർന്ന് പ്രവർത്തിക്കുന്നതിനാൽ, ലാബിന്റെ പ്രവർത്തനം സാങ്കേതികമായി കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. ലാബ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ്, സർക്കാരിന്റെ സൗജന്യ സ്കൂൾ യൂണിഫോം മുതലായ പല പദ്ധതികളും നടപ്പിലാക്കുന്ന യൂണിറ്റാണ്. അതിനാൽ തന്നെ പ്രസ്തുത മില്ലിൽ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തേണ്ടത് അത്യാവശ്യമാണ്. മില്ലിൽ തന്നെ ലാബ് സൗകര്യം ഉറപ്പ് വരുത്തുന്നതോടു കൂടി ഉൽപ്പാദനത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ ഉറപ്പ് വരുത്തി മൂല്യം പരമാവധി ഉയർത്താൻ സാധിക്കും.

IV ) നിലവിൽ സ്ഥിതി ചെയ്യുന്ന വാടക കെട്ടിടത്തിൽ നിന്നും കോർപ്പറേഷന്റെ സ്വന്തം സ്ഥലത്തേക്കുള്ള മാറ്റം അനിവാര്യമായ ഒന്നാണ്. മാസ്റ്റർ പ്ലാനിൽ കാർഡിറ്റിന്റെ നവീകരണത്തിനായി 10.71 കോടി രൂപയുടെ നവീകരണ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. സമീപ ഭാവി യിൽ തന്നെ പ്രസ്തുത പദ്ധതികൾ പരിഗണനയിലുള്ളതിനാൽ, പുതിയ ടെസ്റ്റിംഗ് മെഷീനുകൾ നേരിട്ട് സ്ഥിരമായ കെട്ടിടത്തിൽ തന്നെ സ്ഥാപിക്കാൻ കഴിയും.

V ) കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിൽ നിന്നും ഭാവിയിൽ നൂൽ കയറ്റുമതി ചെയ്യുമ്പോൾ നൂലിന്റെ ഗുണമേന്മ ഉറപ്പാക്കാൻ ലാബ് സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

VI) കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിൽ കോർപ്പറേഷന് ഏകദേശം 31 ഏക്കർ ഭൂമിയും അതിൽ ലാബ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിടവുമുണ്ട്.

VII) വാടക കൊടുക്കുന്നത് ഒഴിവാക്കാൻ സാധിക്കുന്നതാണ്.

CARDT ന്റെ സ്ഥാനമാറ്റം കോർപ്പറേഷൻ മാനേജ്മെന്റിന്റേയും ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെയും സംയുക്തമായ ഒരു നിർദ്ദേശമാണ്. സാമ്പത്തികവും സാങ്കേതികവുമായ നിരവധി ഘടകങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തിയ ശേഷമാണ് ഇത്തരമൊരു നിർദ്ദേശം നടപ്പിലാക്കുവാനുള്ള പ്രൊപ്പോസൽ മുന്നോട്ട് വച്ചത്. നിലവിൽ ബാലരാമപുരത്ത് സ്ഥിതി ചെയ്യുന്ന ലാബ് ശാസ്തമംഗലത്തുള്ള ഹെഡ് ഓഫീസിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഇത്രയും ദൂരത്തു നിന്നുള്ള മേൽനോട്ടം CARDT ന്റെ സുഗമമായ പ്രവർത്തനത്തിന് അപര്യാപ്തമാണ്. കോർപ്പറേഷന്റെ തന്നെ യൂണിറ്റുമായി ചേർന്ന് പ്രവർത്തിക്കുമ്പോൾ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പാക്കാൻ കഴിയും.

കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലവസരം പ്രദാനം ചെയ്യുന്ന വ്യവസായമാണ് ടെക്സ്റ്റൈൽ മേഖല. കഴിഞ്ഞ കുറേ വർഷങ്ങളായി അനുഭവപ്പെടുന്ന ടെക്സ്റ്റൈൽ രംഗത്തെ മാന്ദ്യവും അതിനെ തരണം ചെയ്തു കൊണ്ടുള്ള തൊഴിൽ സംരക്ഷണവും നടപ്പാക്കുക വഴി കോർപ്പറേഷനു കീഴിലെ സ്ഥാപനങ്ങളുടെ പ്രവർത്തന മൂലധനത്തിൽ കാര്യമായ കുറവുകൾ സംഭവിച്ചിട്ടുണ്ട്. ആയതിനാൽ, മേൽ വിവരിച്ച കാരണങ്ങൾ കണക്കിലെടുത്ത്, കോർപ്പറേഷന്റെ താൽപ്പര്യത്തിനെതിരായി CARDT ലെ ദിവസവേതന ജീവനക്കാർ നൽകിയ പ്രസ്തുത പരാതിയിൽ യാതൊരു കഴമ്പുമില്ലായെന്നാണ് മനേജിംഗ് ഡയറക്ടർ അറിയിക്കുകയും എത്രയും വേഗം പ്രസ്തുത സ്ഥാപനം മാറ്റി സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന്

അഭ്യർഥിക്കുകയും ചെയ്തു.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലാണ് വാടകയിനത്തിലെ അധിക ചെലവ് ഒഴിവാക്കുന്നതിനും ടെസ്റ്റിംഗ് ഫെസിലിറ്റിയായ CARDTന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുമായി സ്ഥാപനത്തെ ബാലരാമപുരത്തു നിന്നും കോർപ്പറേഷന്റെ തന്നെ യൂണിറ്റായ കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിന്റെ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻ മാനേജ്മെന്റ് നിർബന്ധിതമായത് . ആലപ്പുഴയിലെ കോമളപുരത്തേക്ക് ലാബ് മാറ്റുക വഴി മില്ലുകളും ലാബും തമ്മിലുള്ള ദൂരം കുറയ്ക്കുവാൻ കഴിയുന്നതും ത്വരിത പരി ശോധന നടത്തുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നതുമാണ്. നിലവിൽ CARDT നു സ്വന്തമായി സ്ഥിരം ജീവനക്കാർ ആരും തന്നെയില്ല. കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിന്റെ ഭാഗമാക്കുന്നതോടു കൂടി മില്ലിൽ നിലവിലുള്ള ടെക്നിക്കൽ സ്റ്റാഫിനെ കൂടി, ആവശ്യമെങ്കിൽ ടെസ്റ്റിംഗ് ജോലികൾക്ക് വിനിയോഗിക്കാൻ സാധിക്കും. കൂടാതെ CARDT ന്റെ വാടക ഇനത്തിലുണ്ടാകുന്ന വലിയ ചെലവ് ഒഴിവാക്കാനും സാധിക്കും. കോർപ്പറേഷന്റെ മറ്റു യൂണിറ്റുകളിൽ നിന്നും ഒറ്റപ്പെട്ടു സ്ഥിതിചെയ്യുന്നതിനേക്കാൾ, ഒരു കോമ്പോസിറ്റ് മില്ലായ കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസുമായി ചേർന്ന് പ്രവർത്തിക്കുന്നതിനാൽ, ലാബിന്റെ പ്രവർത്തനം സാങ്കേതികമായി കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

ടെക്സ്റ്റയിൽ ലാബ് (CARDT) ലെ മെഷീനുകളും മറ്റും ഷിഫ്റ്റ് ചെയ്യുന്നതിനും കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിൽ പ്രവർത്തന സജ്ജമാക്കുന്നതിനുമായി പരമാവധി 2 ലക്ഷം രൂപയാണ് കണക്കാക്കുന്നത്. CARDT ന്റെ ടെസ്റ്റിംഗ് ചാർജസിൽ വകയിരുത്തി മില്ലുകളുടെ വിറ്റുവരവിൽ നിന്നു തന്നെ പ്രസ്തുത തുക കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്കു ഒരു മാസക്കാലയളവിൽ തന്നെ CARDT മാറ്റി സ്ഥാപിക്കാൻ സാധിക്കുന്നതാണെന്നും കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിൽ കോർപ്പറേഷന് ഏകദേശം 31 ഏക്കർ ഭൂമിയും അതിൽ ലാബ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സമീപകാലത്തു ഏകദേശം 2 . 2 ലക്ഷം രൂപ മുടക്കി സജ്ജമാക്കിയ ഓഫീസ് കെട്ടിടവുമുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ ലാബ് മാറ്റി സ്ഥാപിക്കുന്നത് നിലവിലെ സാഹചര്യത്തിൽ ഉചിതമായിരിക്കുമെന്ന് സർക്കാർ വിലയിരുത്തുന്നു.

മേൽ സാഹചര്യത്തിൽ, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ലിമിറ്റഡിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ടെക്സ്റ്റൈൽ ടെസ്റ്റിംഗ് ലാബ് ആയ സെന്റർ ഫോർ അപ്ലൈഡ് റിസർച്ച് & ഡെവലപ്മെന്റ് ഇൻ ടെക്സ്റ്റൈൽസ് (CARDT) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരത്തുനിന്നും ആലപ്പുഴ ജില്ലയിലെ കോമളപുരത്തുള്ള കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസിലേയ്ക്ക്, സ്ഥാപനത്തിലെ ജീവനക്കാരെ ഉൾപ്പെടെ മാറ്റുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഇക്കാര്യത്തിൽ തുടർനടപടികൾ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് കൈക്കൊള്ളേണ്ടതും ഇക്കാര്യത്തിലുള്ള ചെലവ് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ

ലിമിറ്റഡ് തന്നെ വഹിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

വ്യവസായ വാണിജ്യ വകുപ്പ ഡയറക്ടർ, തിരുവനന്തപുരം
കൈത്തറി & വസ്ത്ര ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ബി.പി.റ്റി, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്,ബാലരാമപുരം,തിരുവനന്തപുരം
ധനകാര്യ/ആസൂത്രണ കാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള ,തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreekumar R
സെക്ഷൻ ഓഫീസർ
Date: 16-03-2024 12:24:55

പകർപ്പ് : ബഹു.വ്യവസായവകുപ്പുമന്ത്രിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
വ്യവസായ വകുപ്പു സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
വ്യവസായ വകുപ്പു ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്
വ്യവസായ വകുപ്പു അണ്ടർ സെക്രട്ടറിയ്ക്ക്